പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2047 | 05.12.2018 ൽ മറുപടിക്ക്

**എരുമേലി വിമാനത്താവളം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ശബരിമല വികസനത്തിന്റെ ഭാഗമായി എരുമേലി വിമാനത്താവളം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;<br><br>(ബി) എരുമേലി വിമാനത്താവളവുമായി ബന്ധപ്പെട്ട് നടത്തിയ പഠന റിപ്പോർട്ടുകളിൽ എടുത്ത തീരുമാനം വിശദമാക്കുമോ; | (എ) യും (ബി) യും ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും, സാദ്ധ്യതാ പഠനം നടത്തുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ എസ് ഐ ഡി സി) ചുമതലപ്പെടുത്തുകയുമുണ്ടായി തുടർന്ന് ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും, പരിസ്ഥിതി ആഘാത പഠനത്തിനായും Louis Berger Consulting Pvt Ltd എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. കൺസൾട്ടന്റ് ലഭ്യമാക്കിയ പ്രാരംഭ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ ചെറുവള്ളി എസ്റ്റേറ്റിലെ 570 ഏക്കർ ഭൂമി ഉപയുക്തമാക്കി അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കാവശ്യമായ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) അടിയന്തിരമായി ലഭ്യമാക്കുന്നതിന് കൺസൾട്ടന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കും. |
| (സി) പ്രസ്തുത വിമാനത്താവളത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ രാഷ്ട്രീയപാർട്ടികളുടെ സർവ്വകക്ഷിയോഗം നടത്തുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്ന്; വ്യക്തമാക്കുമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ